(ബി) ഈ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 1975 ഒക്ടോബർ 10-ാം തീയതി കോർപ്പറേഷൻ രജിസ്റ്റർ ചെയ്യപ്പെട്ടു.

(ബി) 15-6-1976-ൽ ഗവൺമെന്റ് അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് കേരളത്തിന്റെ തെക്കും വടക്കും രണ്ടു സ്ഥലങ്ങളിലായി രണ്ടു കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക എന്നതാണ് കോർപ്പറേഷന്റെ ആദ്യഘട്ടത്തിലെ ഉദ്ദേശം. അതിലൊന്ന് ആറിങ്ങലിനടുത്ത് മാമം എന്ന സ്ഥലത്ത് പണി പൂർത്തിയായിവരുന്നു. രണ്ടാമത്തെ കോംപ്ലക്സ് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്. ഈ രണ്ടു കോംപ്ലക്സുകളിലും പ്രതിദിനം 60 ടൺ കൊപ്രവീതം വൻകിട എക്സ്പെല്ലറുകൾ ഉപയോഗിച്ച് സംസ്കരിക്കുന്നതിനുള്ള സജ്ജീകരണങ്ങളുണ്ടായിരിക്കും. പ്രതിവർഷം 36000 ടൺ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണയ്ക്ക് കൂടുതൽ വിലകിട്ടാവുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിറ്റഴിക്കുവാനും അങ്ങനെ കേരകർഷകർക്ക് കൊപ്രയ്ക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനും ഇന്ന് കുത്തക മുതലാളിമാർ കയ്യടക്കിവെച്ചിരിക്കുന്ന നാളികേര കമ്പോളത്തിൽ പ്രവേശിച്ച് കർഷകനെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനുമാണ് കോർപ്പറേഷൻ പ്രധാനമായി ലക്ഷ്യമിട്ടിരിക്കുന്നത്.

നെൽ കൃഷി

1352 [2179] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നു എന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് എത്ര ടണ്ണാണ്?

ഉത്തരം

(എ) 1978-79 ലെ കണക്കനുസരിച്ച് 806497 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നുണ്ട്.

(ബി) 1978-79-ൽ 1889231 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ചെമ്പുക്കായൽ മൽസ്യം വളർത്തൽ പദ്ധതി

1353 [2180] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ ഭൂരഹിതർക്ക് പതിച്ചുകൊടുത്ത ചെമ്പുക്കായൽ മൽസ്യം വളർത്തൽ പദ്ധതിക്കായി വിനിയോഗിക്കുമെന്ന് ഗവൺമെന്റ് ഒരിക്കൽ പറഞ്ഞിരുന്നു. അതിന്റെ നടപടികൾ എത്രത്തോളമായി;

(ബി) ഈ വർഷം ഈ സ്ഥലത്ത് മൽസ്യം വളർത്തൽ പരിപാടി ആരംഭിക്കുവാൻ നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ കാര്യത്തിന്റെ കൈമാറ്റ നടപടികളും പൂർത്തിയായിട്ടില്ല.

(ബി) കൈമാറ്റ നടപടി പൂർത്തിയായതിന്റെ ശേഷം ഈ പരിപാടി ആരംഭിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ: ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

ആർ. എസ്. എസ്. കാരുടെ അതിക്രമങ്ങളെ സംബന്ധിച്ച്

മി. സ്പീക്കർ: ഏപ്രിൽ 6-ാം തീയതി വൈകുന്നേരം ആർ. എസ്. എസ്. കാർ മാരകായുധങ്ങളും ഉപയോഗിച്ചു നടത്തിയ ആക്രമണ
9-30 A.M.] ത്തിന്റെഫലമായി രണ്ടുപേർ കൊലചെയ്യപ്പെടുകയും 29 പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിലിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികളും നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂളം 50 അനുസരിച്ച് ശ്രീ.പി.ആർ.കുറുപ്പ്, ശ്രീ.എം.വി. രാഘവൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ ശ്രീ. പിണറായി വിജയൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ മാസം ആറും ഏഴും തീയതികളിൽ കണ്ണൂർ ജില്ലയിൽപ്പെട്ട തലശ്ശേരി, പാനൂർ, കൂത്തുപാമ്പ്, പൊക്കി, പയ്യന്നൂർ എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ വലിയ ഒരു സംഘർഷാവസ്ഥ സംജാതമാകുകയുണ്ടായി. ആ സംഘർഷാവസ്ഥ ആരംഭിച്ചത് ആർ. എസ്. എസ്സുകാർ കരുതിക്കൂട്ടി കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി പ്രവർത്തകരുടെമേൽ നടത്തിയ ആക്രമണത്തിന്റെ ഫലമായിട്ടാണ്. അതിനെത്തുടർന്ന് ഇരുകൂട്ടരും തമ്മിൽ പല സ്ഥലങ്ങളിലുംവച്ച് ഏറ്റുമുട്ടലുകളും ഉണ്ടാകുകയും നിരവധിപേർക്ക് പരിക്ക് ഏൽക്കുകയും ചില ആളുകളും മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ രണ്ടു ദിവസങ്ങളിലായി ഒമ്പതു സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഏപ്രിൽമാസം ആറാം തീയതി വൈകിട്ട് ഉദ്ദേശം ആറേകാൽ മണിക്ക് പതിനഞ്ചോളം വരുന്ന ആർ. എസ്. എസ്. പ്രവർത്തകരുടെ ഒരുസംഘം മാരകായുധങ്ങളുംസ്പോടക വസ്തുക്കളുമായി കോടിയേരി വില്ലേജിൽ പുന്നോളി എന്ന സ്ഥലത്ത് ഉള്ള ദിനേശ് ബീഡി കമ്പനിയുടെ ശാഖയിൽ ജോലി ചെയ്യുന്ന ചില മാർക്സിസ്റ്റ് അനുഭാവികളെ ആക്രമിച്ചു. അവരുടെ ആക്രമണത്തിന്റെ ഫലമായി നിരവധി ആളുകൾക്ക് പരിക്കേൽക്കുകയുണ്ടായി. അവരെ തലശ്ശേരി ഗവൺമെന്റാശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും കെ. വി. ബാലൻ എന്നു പറയുന്ന ആൾ ആശുപത്രിയിൽവച്ചു മരണപ്പെടുകയുണ്ടായി. ബാക്കിയുള്ളവരുടെ നില ഗുരുതരമല്ല. ഈ സംഭവത്തോടനുബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അന്നേദിവസംതന്നെ വൈകിട്ട് അഞ്ചേകാൽമണിക്ക് ആർ. എസ്. എസുകാർ എന്നു സംശയിക്കപ്പെടുന്ന പത്തു പതിനഞ്ചാളുകളും മാരകായുധങ്ങളും സ്പോടക വസ്തുക്കളുമായി കോടിയേരിയിലുള്ള ദിനേശ് ബീഡി കമ്പനിയുടെ ശാഖയിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly